ദേശാഭിമാനി
25 October 2026

മഹാരാഷ്ട്രയിലേക്ക് വിതരണത്തിനായി തയ്യാറാക്കിയ കല്ലുമ്മക്കായ വിത്തുകൾ

സിഎംഎഫ്ആർഐ 5 ലക്ഷം കല്ലുമ്മക്കായ വിത്തുകൾ കൈമാറി

കൊച്ചി

മഹാരാഷ്ട്ര തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) അഞ്ച് ലക്ഷം കല്ലുമ്മക്കായ വിത്തുകളും ഒരു ലക്ഷം ഓയിസ്റ്റർ വിത്തുകളും കൈമാറി. ഈ വർഷം ആകെ 10 ലക്ഷം കല്ലുമ്മക്കായ വിത്തുകളാണ് സിഎംഎഫ്ആർഐ മഹാരാഷ്ട്രയിലെ മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചു നൽകിയത്.

സിഎംഎഫ്ആർഐ വിഴിഞ്ഞം റീജണൽ സെന്ററിലെ ഹാച്ചറിയിലാണ് രണ്ട് മുതൽ നാല് മില്ലിമീറ്റർവരെ വലുപ്പമുള്ള കല്ലുമ്മക്കായ വിത്തുകൾ ഉൽപാദിപ്പിച്ചത്. ഓയിസ്റ്റർ വിത്തുകൾ ഉൽപാദിപ്പിച്ചത് സിഎംഎഫ്ആർഐയുടെ മദ്രാസ് സ്റ്റേഷനിലാണ്. കല്ലുമ്മക്കായ ഓയിസ്റ്റർ കൃഷികൾക്ക് കരുത്ത് പകരുകയും അതുവഴി തീരദേശ കുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കുകയുമാണ് ലക്ഷ്യം.

മഹാരാഷ്ട്രയിലെ മംഗ്രൂവ് ആൻഡ് മറൈൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ഫൗണ്ടേഷനാണ് വിത്തുവിതരണവും സാങ്കേതിക മാർഗനിർദേശങ്ങളും കർഷക പങ്കാളിത്തവും ഏകോപിപ്പിക്കുന്നത്. കണ്ടൽക്കാടുകളോട് ചേർന്നുള്ള തീരദേശ മേഖലകളിൽ സുസ്ഥിര വരുമാനം നേടാനാവുന്ന കൃഷിയാണിത്. ഫിൽട്ടർ ഫീഡറുകളായ ഈ ജീവികൾ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സഹായിക്കും.